**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2906** **12-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം നാളിതുവരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നതിന്റെ വിവരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധം (1) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ബി) | നിലവിൽ പൂഞ്ഞാർ പഞ്ചായത്തിൽ ഭരണാനുമതി നല്കുന്നതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br>ശുദ്ധജല പദ്ധതിക്കായി ജല സ്രോതസ്സ് അപര്യാപ്തമായ പഞ്ചായത്തുകളായ തീക്കോയി, പൂഞ്ഞാർ, തെക്കേക്കര, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ള പദ്ധതി വിഭാവനം ചെയ്യുന്നതിനു വേണ്ടി സ്ഥല പരിശോധന പുരോഗമിക്കുന്നു.<br><br>ഭരണാനുമതി നല്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ അനുബന്ധം(2) ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| ക്രമ നമ്പർ | പഞ്ചായത്ത് | ഭരണാനുമതി നല്കിയ കുടിവെള്ള കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഇത് വരെ നൽകിയ കണക്ഷനുകളുടെ എണ്ണം (30.06.2022 വരെ) | ഭരണാനുമതി നല്കിയതിൽ ഇനി പൂർത്തീകരിക്കുവാനുള്ള കണക്ഷൻ (എണ്ണം) |
|---|---|---|---|---|---|
| 1 | തീക്കോയ് | 660 | 569.78 | 20 | 640 |
| 2 | എരുമേലി | 10500 | 5885 | 190 | 10310 |
| 3 | കോരുത്തോട് | 3256 | 7323.95 | 0 | 3256 |
| 4 | മുണ്ടക്കയം | 16137 | 17847.79 | 150 | 15987 |
| 5 | പാറത്തോട് | 7173 | 6914.88 | 223 | 6950 |
| 6 | പൂഞ്ഞാർ | 0 | 0 | 0 | 0 |
| 7 | പൂഞ്ഞാർ തേക്കേക്കര | 0 | 0 | 0 | 0 |
| 8 | തിടനാട് | 0 | 0 | 0 | 0 |
| 9 | കൂട്ടിക്കൽ | 0 | 0 | 0 | 0 |
| | **ആകെ** | **37726** | **38541.40** | **583** | **37143** |

**അനുബന്ധം – 2**

**എരുമേലി പഞ്ചായത്തിന്** 58.85 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. 9 സോണുകളായി തിരിച്ച് 10500 FHTC നൽകുന്നതിനുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്നതിനായി 6 പാക്കേജുകളായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ 5 പാക്കേജുകളിലായി 8297 FHTC നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. 105.5 കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുവാനുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതോടു കൂടിയേ എല്ലാ കണക്ഷനുകളും പ്രവർത്തനക്ഷമമാക്കുവാൻ ആകുകയുള്ളു. 2203 FHTC ഉൾപ്പെടുന്ന ആറാമത്തെ പാക്കേജിൽ പഞ്ചായത്ത് ജല സംഭരണികൾക്കുള്ള 2 സെൻറ് സ്ഥലം ഏറ്റെടുത്ത് നൽകിയാലുടൻ ദർഘാസ് നടപടികൾ ആരംഭിക്കുന്നതാണ്.

**മുണ്ടക്കയം പഞ്ചായത്തിന്** 178.47 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. മുണ്ടക്കയം, മുരികികയത്ത്, ചെക്ക് ഡാം റോ വാട്ടർ പമ്പ് ഹൗസ്, അമരാവതി ജംഗഷനിലുള്ള് 9 എം.എൽ.ഡി ജല ശുദ്ധീകരണശാല, എളമ്പ്രാമല, പറത്താനം, വട്ടക്കാവ് എന്നിവിടങ്ങളിൽ സമ്പ്, പമ്പ് ഹൗസും, ടാറിംഗ് ടോപ്പ്, പത്തേക്കർ ഒട്ടക്കാവ് ടോപ്പ് എന്നിവിടങ്ങളിൽ ജലസംഭരണി 220 കിലോമീറ്റർ പൈപ്പ് ലൈൻ 15987 കണക്ഷനുകൾ എന്നിവ പൂർത്തിയാക്കുവാനുണ്ട്. സർവേ നടപടികൾ പുരോഗമിക്കുന്നു.

**കോരുത്തോട് ഗ്രാമപഞ്ചായത്തിന്** 73.24 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. സിയോൺ കുന്ന് വെള്ളാനിക്കവല, ചകിരി മേട്, ഏഴംതടം എന്നിവിടങ്ങളിൽ സമ്പും പമ്പ് ഹൗസും കൊമ്പുകുത്തിയിൽ ജലസംഭരണിയും 150 കിലോ മീറ്റർ പൈപ്പ് ലൈൻ 3526 കണക്ഷനുകൾ എന്നിവ പൂർത്തിയാക്കുവാനുണ്ട്. സർവേ നടപടികൾ പുരോഗമിക്കുന്നു.

**പാറത്തോട് പഞ്ചായത്തിൽ** 69.15 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ വലിയകത്ത് പുതിയ കിണറും, കുരാൻ തുക്കിൽ 5 എം.എൽ.ഡി ശുദ്ധീകരണശാലയും നാട്ടകാണി ചിറക്കടവ്, പാലപ്ര അമ്പലം പാലപ്ര ടോപ്പ് എന്നിവിടങ്ങളിൽ ജലസംഭരണിയും പണിത് വിതരണക്കുഴലുകൾ സ്ഥാപിച്ച് 6950 ഗാർഹിക കണക്ഷനുകൾ നൽകാനുണ്ട്.